പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5252 — 23-05-2017-ലെ മറുപടിയ്ക്ക്

## നാണ്യവിളകളുടെ ഉല്പാദന വർദ്ധനവ് ഉറപ്പുവരുത്തുന്നതിന് കൃഷിക്കാർക്ക് സഹായം

**ചോദ്യം**

**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ.മോൻസ് ജോസഫ്**
**ശ്രീ.സി.എഫ്.തോമസ്**
**ഡോ.എൻ. ജയരാജ്**

(എ) സംസ്ഥാനത്ത് നാണ്യവിളകളുടെ കൃഷി വിസ്തൃതി ആകെ കൃഷി വിസ്തൃതിയുടെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് നാണ്യവിള കൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം 2015-16 കാർഷിക വർഷത്തിൽ നാണ്യവിളകളുടെ കൃഷി വിസ്തൃതി ആകെ കൃഷി വിസ്തൃതിയുടെ 86.22 ശതമാനമാണ്.

(ബി) സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ കണക്കുകൾ പ്രകാരം നാണ്യ വിളകളുടെ കൃഷി വിസ്തൃതിയിൽ 2014-15 കാർഷിക വർഷത്തെ അപേക്ഷിച്ച് 2015-16 കാർഷിക വർഷത്തിൽ 244.59 ഹെക്ടർ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നാണ്യ വിളകളുടെ ഉല്പാദനം**

**(വിസ്തൃതി ഹെക്ടറിൽ)**

| ക്രമ നം | നാണ്യ വിളകൾ | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|
| 1 | ആകെ ഷുഗർ ക്രോപ്സ് | 4844 | 4014.06 | 3871.59 |
| 2 | ആകെ സുഗന്ധ വ്യഞ്ജനങ്ങൾ | 266026 | 265307 | 268222 |
| 3 | ആകെ ഓയിൽ സീഡുകൾ | 810497 | 795369 | 791640 |
| 4 | ആകെ ഫൈബർ ഡ്രഗ്സ്, നാർക്കോട്ടിക്സ് | 715 | 633 | 580 |
| 5 | ആകെ പ്ലാന്റേഷൻ വിളകൾ | 677046 | 678702 | 679956 |
| | **ആകെ നാണ്യ വിളകൾ** | **1759128** | **1744025.06** | **1744269.59** |

| | |
|---|---|
| (സി) സംസ്ഥാനത്ത് നാണ്യവിളകളുടെ ഉല്പാദന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുതകുന്ന വിധത്തിൽ കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് പുതുതായി നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് കൃഷി ചെയ്തുവരുന്ന പ്രധാന നാണ്യവിളകൾ കുരുമുളക്, കശുമാവ്, കവുങ്ങ്, തെങ്ങ്, റബ്ബർ, തേയില, കാപ്പി, ജാതി, ഏലം, കൊക്കോ, ഗ്രാമ്പു, കറുവപ്പട്ട, ഇഞ്ചി, മഞ്ഞൾ എന്നിവയാണ്. ഇവയിൽ കുരുമുളക്, തെങ്ങ്, ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ വികസനത്തിനാണ് 2017-18 സാമ്പത്തിക വർഷത്തിൽ കൃഷിക്കാർക്ക് സഹായങ്ങൾ നൽകുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>(i) നാളികേര വികസന പദ്ധതി<br>(ii) സുഗന്ധവ്യഞ്ജന വിളകളുടെ വികസനം<br>(iii) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി |

**സെക്ഷൻ ഓഫീസർ**